LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

2005 ജൂലൈ 8, വെള്ളി

വാല്യം CXXV ഔദ്യോഗിക റിപ്പോർട്ട് നമ്പർ 5

നിയമസഭ 2005 ജൂലൈ മാസം 8-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: *78-ഉം *103-ഉം ചോദ്യങ്ങൾ ക്ലബ്ബ് ചെയ്ത് എടുക്കാം.

തോട്ടം തൊഴിലാളികളുടെ ആവശ്യങ്ങൾ

*1 [78] *ശ്രീ. സി. മോയിൻകുട്ടി*:
,, *പി. കെ. കെ. ബാവ*:
,, *യു. സി. രാമൻ*:
,, *പി. കെ. അബ്ദുറബ്ബ്*:
,, *സി. മമ്മൂട്ടി*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം മേഖലയിലെ തൊഴിലാളികൾ മുന്നോട്ട് വച്ചിട്ടുള്ള ആവശ്യങ്ങൾ എന്തൊക്കെയാണ്;

(ബി) സമരം ഒഴിവാക്കാനായി ബന്ധപ്പെട്ട കക്ഷികളുമായി സർക്കാർ ഒത്തുതീർപ്പ് സംഭാഷണം നടത്തുകയുണ്ടായോ;

(സി) എങ്കിൽ ഇതിന്റെ ഫലമായി സമരം ഒത്തുതീർപ്പിലെത്തിയോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

GPM. 2/573/2012—2

(ഡി) തോട്ടം തൊഴിലാളികളുടെ ന്യായമായ അവകാശങ്ങൾ അനുവദിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഇ) തോട്ടം മേഖലയിൽ സമാധാനം നിലനിർത്താൻ സർക്കാരിന് എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ കഴിയുമെന്ന് വിശദമാക്കാമോ?

തൊഴിൽ വകുപ്പുമന്ത്രി *(ശ്രീ. ബാബു ദിവാകരൻ)*:

(എ) 2002 ഏപ്രിൽ ഒന്നു മുതൽ മുൻകാല പ്രാബല്യത്തോടെ ശമ്പള പരിഷ്കരണം നടപ്പിലാക്കുക, മരവിപ്പിച്ച ക്ഷാമബത്ത വർദ്ധന കുടിശ്ശിക സഹിതം പുനഃസ്ഥാപിക്കുക, നിഷേധിക്കപ്പെട്ട ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കുക, 2000-ത്തിനു ശേഷം തോട്ടങ്ങളിൽ ഉണ്ടായിട്ടുള്ള എല്ലാ ഒഴിവുകളും നികത്തുക തുടങ്ങിയ ആവശ്യങ്ങളാണ് തോട്ടം തൊഴിലാളികൾ മുന്നോട്ട് വച്ചിട്ടുള്ളത്.

(ബി) പ്ലാന്റേഷൻ ലേബർ കമ്മിറ്റി അടിയന്തിരമായി വിളിച്ചുചേർത്ത് ആദ്യം എന്റെ സാന്നിദ്ധ്യത്തിലും പിന്നീട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിലും നിരവധി തവണ അനുരഞ്ജനത്തിനായി ശ്രമം നടത്തുകയുണ്ടായി.

(സി) തോട്ടം തൊഴിലാളികളുടെ സമരം അവസാനിപ്പിക്കുന്നതിനുവേണ്ടി നടത്തിയ ഒത്തുതീർപ്പു സംഭാഷണം പരാജയപ്പെടുകയുണ്ടായി. പി.എൽ.സി. തീരുമാനപ്രകാരം 1-1-2005 മുതൽ ക്ഷാമബത്തയിൽ വന്ന വർദ്ധന തേയില-കാപ്പി മേഖലകളിൽ കൂടി നൽകുവാൻ ഉടമകൾ തയ്യാറല്ലായിരുന്നു. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിലും ചർച്ച നടന്നുവെങ്കിലും എല്ലാവർക്കും സ്വീകാര്യമായ തീരുമാനത്തിൽ എത്താൻ കഴിഞ്ഞില്ല. ഒത്തുതീർപ്പാകാത്ത സാഹചര്യത്തിൽ 15-6-2005 മുതൽ തോട്ടം തൊഴിലാളികൾ സമരത്തിലേക്ക് നീങ്ങുകയായിരുന്നു.

(ഡി) മിനിമം വേതന നിയമത്തിലെ 3(1) വകുപ്പ് ക്ലാസ് (ബി)-യിലെ വ്യവസ്ഥകൾ പ്രകാരം തോട്ടം മേഖലയിലെ കൂലി പുതുക്കി നിശ്ചയിക്കുന്നതിനായുള്ള പ്രാഥമിക വിജ്ഞാപനം 22-6-2005 -ൽ പുറപ്പെടുവിക്കുകയുണ്ടായി.

(ഇ) തോട്ടം മേഖലയിൽ സമാധാനം നിലനിർത്തുന്നതിന് പ്ലാന്റേഷൻ കമ്മിറ്റി കൂടെക്കൂടെ യോഗം ചേർന്നുവരികയാണ്. ആവശ്യാനുസരണം, വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് പ്രത്യേക യോഗങ്ങളും കൂടി വരുന്നു. പ്രശ്നത്തിന്റെ ഗൗരവവും ഗുരുതരാവസ്ഥയും കണക്കിലെടുത്ത് ഞാനും യോഗത്തിൽ പങ്കെടുക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly